ലേഖനം

ഹൈദറലി ശാന്തപുരം

# ഹജ്ജ് യാത്രികർക്ക് ചില നിർദേശങ്ങൾ

ഒരു സത്യവിശ്വാസിയുടെ ജീവിതത്തിൽ ഏറ്റവും ആനന്ദകരമായതാണ് ഹജ്ജ് യാത്ര. ജീവിതത്തിൽ സംഭവിച്ചുപോയ പാപക്കറകൾ കഴുകിക്കളഞ്ഞ് നിർമല ശിശുവായി തിരിച്ചുവരണമെന്ന അഭിലാഷവും തദ്വാരാ സ്വർഗ പ്രവേശം സാധിക്കുമെന്ന പ്രതീക്ഷയുമായിരിക്കും ഓരോ ഹജ്ജ് യാത്രികന്റെയും മനസ്സിൽ. ഈ അഭിലാഷം പൂവണിയാനും ലക്ഷ്യം സാക്ഷാൽകൃതമാകാനും ആവശ്യമായ ഉപാധികളെക്കുറിച്ച പൂർണബോധം ഹജ്ജ് യാത്രക്കാർക്കുണ്ടാവേണ്ടതാണ്. ലക്ഷ്യ സാക്ഷാത്ക്കാരത്തിനും സുഗമമായ ഹജ്ജ് നിർവഹണത്തിനും സഹായകമാവുന്ന ഏതാനും നിർദേശങ്ങളാണ് ചുവടെ:

1. പുണ്യപൂർണവും സ്വീകാര്യവുമായ ഹജ്ജ് നിർവഹണം സാധിക്കാൻ പ്രഥമമായി വേണ്ടത് നബി(സ) പഠിപ്പിച്ച രൂപത്തിൽ ഹജ്ജ് നിർവഹിക്കുക എന്നതാണ്. പ്രവാചകൻ(സ) കൽപിച്ചു: "നിങ്ങൾ എന്നിൽനിന്ന് ഹജ്ജ് കർമങ്ങൾ പഠിച്ച് അതുപോലെ ചെയ്യുക." അതിനാൽ, ഹജ്ജിനെ സംബന്ധിച്ച് പ്രത്യേകമായി പഠിക്കേണ്ടതില്ല, മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്താൽ മതി എന്ന ലഘവ ചിന്തയോ, ഹജ്ജ് കർമങ്ങൾ എത്ര പഠിച്ചാലും മനസ്സിലാവുകയില്ല എന്ന അപകർഷ ബോധമോ വെച്ചു പുലർത്താതെ, ലളിത രൂപത്തിൽ എഴുതപ്പെട്ട പുസ്തകങ്ങൾ വായിച്ചു പഠിച്ചും ക്ലാസുകൾ ശ്രവിച്ചും വ്യക്തമായ ധാരണയോടെയാണ് ഹജ്ജിന് പുറപ്പെടേണ്ടത്.

2. ഹജ്ജ് യാത്രികർ പുറപ്പെടുന്നതിനു മുമ്പ് തന്റെ സാമ്പത്തികവും സാമൂഹികവുമായ ബാധ്യതകൾ നിർവഹിച്ചിരിക്കണം. അവധിയെത്തിയ കടം വീട്ടുകയും അവധിയെത്താത്ത കടം യഥാസമയം വീട്ടുവാൻ ആവശ്യമായ സംവിധാനം ചെയ്തിരിക്കുകയും വേണം.

3. യാത്രക്ക് ഉപയോഗിക്കുന്ന ധനം ഇസ്‌ലാമിക ദൃഷ്ട്യാ നിയമവിധേയമായ രൂപത്തിൽ സമ്പാദിച്ചതായിരിക്കണം. അവിഹിതമായി സമ്പാദിച്ച ധനമുപയോഗിച്ച് നിർവഹിക്കുന്ന ഹജ്ജ് അല്ലാഹു സ്വീകരിക്കുകയില്ല. നബി(സ) പ്രസ്താവിച്ചു: "അല്ലാഹു നല്ലവനാണ്. അവൻ നല്ലതുമാത്രമേ സ്വീകരിക്കുകയുള്ളൂ."

4. ആരോടെങ്കിലും പിണക്കമോ അസ്വാരസ്യമോ ഉണ്ടെങ്കിൽ യാത്രക്ക്

മുമ്പ് അത് തീർക്കാൻ ശ്രമിക്കേണ്ടതാണ്. അപരരാണ് അപരാധികളെങ്കിലും അവരോട് വിട്ടുവീഴ്ച ചെയ്ത് വിശാല മനസ്കത കാണിക്കുകയാണ് വേണ്ടത്. അല്ലാഹുവിങ്കൽനിന്ന് പാപമുക്തിയാഗ്രഹിച്ച് പരിശുദ്ധ ഭൂമിയിലേക്ക് പുറപ്പെടുന്നവർ ആദ്യമായി സ്വസഹോദരങ്ങൾക്കും സമസൃഷ്ടികൾക്കും മാപ്പ് നൽകുകയാണ് വേണ്ടത്. ദുരഭിമാനവും ആഢ്യതാബോധവും അതിന് തടസ്സമായിക്കൂടാ.

5. യാത്ര സംഘടിതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മൂന്നു പേരെങ്കിലുമുള്ള സംഘമായിട്ടായിരിക്കണം യാത്ര ചെയ്യുന്നതെന്നും അവരിൽ ഒരാൾ അമീർ(നേതാവ്) ആയി നിശ്ചയിക്കപ്പെടണമെന്നും നബി(സ) കൽപിച്ചിട്ടുണ്ട്.

അമീറിനെ നിശ്ചയിച്ചു കഴിഞ്ഞാൽ സൽകാര്യങ്ങളിലെല്ലാം അദ്ദേഹത്തെ അനുസരിക്കൽ നിർബന്ധമാണ്. നബി(സ) പറഞ്ഞു: "അബ്സീനിയക്കാരനായ ഒരു കറുത്ത അടിമയാണ് നിങ്ങളുടെ നേതാവായി നിശ്ചയിക്കപ്പെട്ടതെങ്കിലും അദ്ദേഹത്തെ അനുസരിക്കൽ നിർബന്ധമാണ്."

ഇസ്‌ലാമിക വീക്ഷണത്തിൽ നേതൃത്വം ഒരു സ്ഥാനമോ അലങ്കാരമോ അല്ല; അൽപം ബാധ്യതയും ഭാരവുമാണ്. അതുകൊണ്ടുതന്നെ സ്ഥാനമോഹികൾ നേതൃത്വത്തിന് അർഹരല്ല. ജനനായകൻ ജനസേവകനായിരിക്കണം.

6. സ്വഭാവം പരീക്ഷിക്കപ്പെടുന്ന സന്ദർഭമാണ് ഹജ്ജ് യാത്ര. ഒന്നിച്ചുള്ള യാത്ര, താമസം, പണമിടപാട് എന്നിവയാണ് ഒരു മനുഷ്യന്റെ സ്വഭാവം അളക്കാനുള്ള ഇസ്‌ലാമിക മാനദണ്ഡം. ഹജ്ജ് യാത്രയിൽ ഇത് മൂന്നും സമ്മേളിക്കുന്നു. പരസ്പര സ്നേഹവും സഹകരണവും സഹനവും വിട്ടുവീഴ്ചയും യാത്രയിലുടനീളം പാഥേയമായി കരുതണം.

7. യാത്രയിലെ അസൗകര്യവും വിഷമവും പരിഗണിച്ച് യാത്രക്കാർക്ക് നമസ്കാരത്തിന്റെ കാര്യത്തിൽ അല്ലാഹു ചില ഇളവുകൾ നൽകിയിട്ടുണ്ട്. അത് സ്വീകരിക്കുന്നതിൽ മനഃപ്രയാസം തോന്നേണ്ടതില്ല. നാല് റക്അത്തുള്ള ളുഹ്ർ, അസ്ർ, ഇശാഅ് എന്നീ നമസ്കാരങ്ങൾ ചുരുക്കി രണ്ട് റക്അത്ത് വീതം നമസ്കരിച്ചാൽ മതി. അതിന് 'ഖസ്ർ' എന്നു പറയുന്നു. ളുഹ്റും അസ്റും ഒന്നിച്ചും മഗ്‌രിബും ഇശാഉം ഒന്നിച്ചും നമസ്കരിക്കാനും യാത്രക്കാർക്ക് അനുവാദമുണ്ട്. അതിന് 'ജംഅ്' എന്നു പറയുന്നു.

8. പുറപ്പെടുന്നതിനു മുമ്പ് യാത്ര സംബന്ധമായ എല്ലാ രേഖകളും ആവശ്യമുള്ള സംഖ്യയും കൂടെ കരുതുകയും ആവശ്യമുള്ള സമയത്ത് എടുക്കാൻ കഴിയും വിധം സൂക്ഷിച്ചുവെക്കുകയും വേണം.

പണം സൂക്ഷിക്കുമ്പോൾ എല്ലാവരുടെയും സംഖ്യ ഒരാൾ ഒരു സ്ഥലത്ത് സൂക്ഷിക്കുന്നതിനു പകരം, സംഖ്യ ഒന്നായി നഷ്ടപ്പെട്ടു പോകാതിരിക്കാൻ വിവിധ ആളുകൾ വ്യത്യസ്ത സ്ഥലങ്ങളിൽ സൂക്ഷിക്കുന്നത് നന്നായിരിക്കും.

9. ആവശ്യമുള്ള എല്ലാ സാധനങ്ങളും പരിശുദ്ധ ഭൂമിയിൽ വാങ്ങാൻ കിട്ടും. അതിനാൽ അത്യാവശ്യമുള്ള സാധനങ്ങൾ മാത്രം കൂടെ കരുതിയാൽ മതി. ആരോഗ്യപരമായ കാരണങ്ങളാൽ ചില വസ്തുക്കൾ കൂടെ കൊണ്ടു പോകുന്നത് തടയാനും സാധ്യതയുണ്ട്.

10. ഹാജിമാർ പോവുന്ന എല്ലാ സ്ഥലത്തും ചികിത്സാ സൗകര്യം ലഭിക്കുമെങ്കിലും പ്രാഥമിക ചികിത്സക്കുള്ള അത്യാവശ്യ മരുന്നുകൾ കൂടെ കരുതുന്നത് നല്ലതാണ്. പ്രതികൂല കാലാവസ്ഥ കാരണം പനി, തലവേദന, ജലദോഷം, ചുമ മുതലായ അസുഖങ്ങൾ ബാധിക്കാൻ സാധ്യത ഏറെയാണ്. സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ ഡോക്ടറുടെ പ്രിസ്ക്രിപ്ഷനോടൊപ്പം മാത്രം കൊണ്ടുപോവുക.

11. യാത്രയിൽ അപരിചിതർ തരുന്ന കവറുകളോ പൊതികളോ മറ്റു സാധന ങ്ങളോ ഒരു കാരണവശാലും കൊണ്ടുപോകരുത്. പരിചിതർ നൽകുന്ന കവറുകൾ പോലും ഉള്ളടക്കം ഉറപ്പുവരുത്തിയ ശേഷമേ കൊണ്ടുപോകാവൂ. ബന്ധുക്കളും അയൽവാസികളും ഏൽപിക്കുന്ന ഒന്നിച്ചു പിൻചെയ്യുകയോ തുന്നുകയോ ചെയ്ത കവറുകൾ ഓരോന്നായി എടുത്ത് പ്രത്യേകം പരിശോധിച്ച് ഉറപ്പ് വരുത്തണം. കട്ടി യുള്ള കവറുകൾ ഏത് സാഹചര്യത്തിലും ഒഴിവാക്കുന്നതാണ് നല്ലത്. ഉള്ളടക്കമെ ന്തെന്നറിയാത്ത ഒരു സാധനവും യാത്രക്കാരന്റെ ലഗേജിലുണ്ടാവരുത്. നമ്മുടെ സേവന മനഃസ്ഥിതിയും പരോപകാര ത്വരയും ചിലപ്പോഴെങ്കിലും നമുക്ക് മരണ ഹേതുവായിരിക്കുമെന്ന് ഓർക്കുക.

12. കേരളത്തിൽ നിന്ന് ജിദ്ദ വഴി ഹജ്ജിന് പോകുന്നവർ ഇഹ്റാമിനുള്ള മുന്നൊ രുക്കങ്ങൾ ചെയ്ത് ഇഹ്റാമിന്റെ വസ്ത്രം ധരിച്ച് വിമാനത്തിൽ കയറുന്നതായിരിക്കും സൗകര്യം. വിമാനം ജിദ്ദയിലെത്തുന്നതിന്റെ ഏതാണ്ട് അരമണിക്കൂർ മുമ്പാണ് ഇഹ്റാം ചെയ്യാനുള്ള മീഖാത്ത്. ഇവിടെയെത്തുമ്പോൾ ഇഹ്റാം ചെയ്യേണ്ടതാണ്. മീഖാത്തിൽവെച്ച് ഇഹ്റാം ചെയ്യലാണ് സുന്നത്തെങ്കിലും സൗകര്യാർഥം വിമാനം കയറുന്നതിനു മുമ്പുതന്നെ ഇഹ്റാമിൽ പ്രവേശിക്കുന്നതിന് വിരോധമില്ല.

മദീനവഴി പോകുന്നവർ കേരളത്തിൽനിന്ന് പുറപ്പെടുമ്പോൾ ഇഹ്റാമിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യേണ്ടതില്ല. അവർ മദീനയിലെ താമസം കഴിഞ്ഞ് മക്കയി ലേക്കു പുറപ്പെടുമ്പോൾ മദീനക്കാരുടെ മീഖാത്തായ ദുൽഹുലൈഫ(അബ്യാർ അലി)യിൽ വെച്ചാണ് ഇഹ്റാം ചെയ്യേണ്ടത്.

13. ഇഹ്റാമിനു മുമ്പായി സ്ത്രീക്ക് ആർത്തവമുണ്ടാവുകയാണെങ്കിൽ അശു ദ്ധിയോടുകൂടിത്തന്നെ ഇഹ്റാം ചെയ്യുകയാണ് വേണ്ടത്. ഇഹ്റാമിനു മുമ്പ് ചെയ്യൽ സുന്നത്തായ കാര്യങ്ങൾ ചെയ്ത് വൃത്തിയുള്ള വസ്ത്രം ധരിച്ച് മറ്റു സ്ത്രീകൾ ചെയ്യുന്നതുപോലെ ഇഹ്റാം ചെയ്താൽ മതി. നമസ്കരിക്കാനോ പള്ളിയിൽ പ്രവേ ശിക്കാനോ ത്വവാഫ് ചെയ്യാനോ പാടില്ല.

ഉംറക്ക് ഇഹ്റാം ചെയ്ത ശേഷം ത്വവാഫിനു മുമ്പ് ആർത്തവമുണ്ടാവുകയാ ണെങ്കിൽ ശുദ്ധിയാകുന്നതുവരെ ത്വവാഫ് ചെയ്യാതെ ഇഹ്റാമിൽ തന്നെ കഴിച്ചുകൂട്ടേ ണ്ടതാണ്. ശുദ്ധിയായിക്കഴിഞ്ഞാൽ ത്വവാഫ്, സഅ്‌യ്, മുടിവെട്ടൽ എന്നിവ ചെയ്ത് ഇഹ്റാമിൽനിന്ന് വിരമിക്കാവുന്നതാണ്. എന്നാൽ ഹജ്ജിന് ഇഹ്റാം ചെയ്യുന്ന ദിവ സമായ ദുൽഹജ്ജ് എട്ട് വരെ ശുദ്ധിയായില്ലെങ്കിൽ അന്ന് ഹജ്ജിനുകൂടി നിയ്യത്ത് ചെയ്യുകയും ഹാജിമാർ ചെയ്യുന്ന എല്ലാ കർമങ്ങളും അനുഷ്ഠിക്കുകയും ശുദ്ധി യായ ശേഷം ത്വവാഫ് നിർവഹിക്കുകയുമാണ് വേണ്ടത്. ഹജ്ജ് വേളയിൽ ആഇശ( റ)ക്ക് ഉംറയുടെ ത്വവാഫിനുമുമ്പ് അശുദ്ധിയുണ്ടായപ്പോൾ അവരോട് അങ്ങനെ ചെയ്യാ നാണ് നബി(സ) ആജ്ഞാപിച്ചത്.

14. സ്ത്രീകൾക്ക് ആവശ്യമാണെങ്കിൽ ഹജ്ജിന്റെയോ ഉംറയുടെയോ കാലത്ത് ആർത്തവം പിന്തിപ്പിക്കാനുള്ള മരുന്ന് ഉപയോഗിക്കാവുന്നതാണ്. ശർഇൽ വിരോ ധിക്കപ്പെടാത്തതും ശരീരത്തിന് ദോഷം ചെയ്യാത്തതുമായ മരുന്നായിരിക്കണം എന്നേ യുള്ളൂ.

15. ജിദ്ദ എയർപോർട്ടിൽനിന്ന് ഹാജിമാരെ മക്കയിലേക്ക് കൊണ്ടുപോകുന്നത് സർക്കാർ വാഹനങ്ങളിലായിരിക്കും. ഒരു സംഘത്തിലുള്ളവർ ഒരു വാഹനത്തിൽ തന്നെ കയറാൻ ശ്രദ്ധിക്കണം. വാഹനത്തിൽ കയറുന്നതിനു മുമ്പായി തങ്ങളുടെ സാധനങ്ങൾ അതേ വാഹനത്തിൽ കയറ്റിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണം. ഇല്ലെ ങ്കിൽ ലഗേജ് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. പാസ്പോർട്ട് ബസ് ഡ്രൈവറുടെ കൈവ

ശമായിരിക്കും. അതിനാൽ വാഹനം മാറിപ്പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധവേണം.

16. മക്കയിൽ ഹാജിമാരെ നിശ്ചിത മുത്വവ്വിഫിന്റെ ഓഫീസിലോ താമസ സ്ഥലത്തോ ആണ് ഇറക്കുക. അവിടെനിന്ന് നൽകുന്ന തിരിച്ചറിയൽ കാർഡ് എപ്പോഴും കൂടെ കരുതേണ്ടതാണ്. മുത്വവ്വിഫിന്റെ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലവും തങ്ങളുടെ താമസസ്ഥലത്തിന്റെ കിടപ്പും അവിടെ നിന്ന് മസ്ജിദുൽ ഹറാമിലേക്കുള്ള വഴിയും നന്നായി മനസ്സിലാക്കേണ്ടതാണ്.

17. ആദ്യ ത്വവാഫിന് ഹറമിൽ പോവുമ്പോൾ നിശ്ചിത സംഘത്തിന്റെ കൂടെ പോവുകയും കൂട്ടം തെറ്റാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. വലിയ തിരക്കുള്ളപ്പോൾ കൂടുതൽ ആളുകൾ ഒന്നായി കൈകോർത്ത് പിടിച്ച് പോകുന്നത് മറ്റുള്ളവർക്ക് വിഷമം സൃഷ്ടിക്കും.

18. വിലപിടിച്ച വസ്തുക്കളും സംഖ്യയുമായി തിരക്കിൽ പോകുന്നത് സൂക്ഷിക്കേണ്ടതാണ്. അവ മോഷ്ടിക്കപ്പെടാനും വീണുപോകാനും സാധ്യതയുണ്ട്. താൽകാലിക ആവശ്യത്തിനുള്ള ചെറിയ സംഖ്യമാത്രം കൂടെ കരുതുക.

19. മസ്ജിദുൽ ഹറാമിൽ ആദ്യമായി പ്രവേശിക്കുന്നത് നബി(സ) പ്രവേശിച്ച ബാബുസ്സലാമിലൂടെ ആവുന്നതാണ് ഉത്തമമെങ്കിലും സൗകര്യമനുസരിച്ച് ഏത് വാതിലിലൂടെയും പ്രവേശിക്കാം. സഫാ-മർവക്കിടയിലാണ് ബാബുസ്സലാമിലേക്കുള്ള വഴി.

20. പുതുതായി മക്കയിലെത്തുന്നവർ മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ നമസ്കാര സമയമല്ലെങ്കിൽ ആദ്യമായി ത്വവാഫ് ചെയ്യുകയാണ് വേണ്ടത്. ത്വവാഫ് ആരംഭിക്കുമ്പോൾ ഹജറുൽ അസ്വദ് മുത്തൽ സുന്നത്താണെങ്കിലും തിരക്കുള്ളപ്പോൾ അതിനു സാധിച്ചുകൊള്ളണമെന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഹജറുൽ അസ്വദിനു നേരെ കൈ ഉയർത്തി 'ബിസ്മില്ലാഹി അല്ലാഹു അക്ബർ' എന്നു പറഞ്ഞാൽ മതി. ഹജറുൽ അസ്വദ് മുത്താൻ തിക്കും തിരക്കും ബഹളവുമുണ്ടാക്കുന്നത് ശരിയല്ല.

21. മക്കയിലെത്തി ആദ്യമായി നിർവഹിക്കുന്ന ത്വവാഫിൽ ആദ്യത്തെ മൂന്ന് കറക്കത്തിൽ പുരുഷന്മാർ കാലടികൾ അടുത്തുവെച്ച് വേഗത്തിൽ നടക്കൽ സുന്നത്താണ്. എന്നാൽ വലിയ തിരക്കിൽ അതിന് സാധിച്ചുകൊള്ളണമെന്നില്ല. സാധിക്കാത്ത പക്ഷം സാധാരണ നടക്കുംവിധം നടന്നാൽ മതി.

22. ത്വവാഫ് വേളയിൽ വലിയ തിരക്കിൽപെട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കഅ്ബയോടടുക്കുംതോറും തിരക്ക് വർധിക്കും. ത്വവാഫ് ചയ്യുന്നവരെല്ലാം ഭയഭക്തിയോടും മറ്റുള്ളവരെ പരിഗണിച്ചു കൊണ്ടും ത്വവാഫ് ചെയ്യുന്നവരായിക്കൊള്ളണമെന്നില്ല. അത്തരം സംഘങ്ങൾക്കിടയിൽ കുടുങ്ങിപ്പോവാതിരിക്കാൻ ശ്രദ്ധവേണം.

ഹജറുൽ അസ്വദിനും മഖാമു ഇബ്റാഹീമിനുമിടയിലാണ് ഏറ്റവും കൂടുതൽ തിരക്കനുഭവപ്പെടുക. തിരക്കുള്ളപ്പോൾ മഖാമു ഇബ്റാഹീമിന്റെ പിന്നിലൂടെ ത്വവാഫ് ചെയ്യുന്നതായിരിക്കും സൗകര്യം.

ത്വവാഫിലെ അവസാനത്തെ ചുറ്റിൽ പരമാവധി കഅ്ബയിൽനിന്നകന്ന് ത്വവാഫ് ചെയ്യുകയാണെങ്കിൽ ത്വവാഫ് അവസാനിപ്പിച്ച് പുറത്ത് കടക്കാൻ കൂടുതൽ സൗകര്യമായിരിക്കും.

23. ത്വവാഫിനു ശേഷം മഖാമു ഇബ്റാഹീമിനു പിന്നിൽവെച്ച് നിർവഹിക്കൽ സുന്നത്തായ രണ്ട് റക്അത്ത് നമസ്കാരവും പ്രാർഥനയും അവിടെവെച്ച് തന്നെ നിർവഹിക്കാൻ സാധിച്ചുകൊള്ളണമെന്നില്ല. ചിലപ്പോൾ അത് അപകടകരവുമായി

രിക്കും. അതിനാൽ തിരക്കുള്ളപ്പോൾ നമസ്കാരവും പ്രാർഥനയും മസ്ജിദുൽ ഹറാമിൽ എവിടെവെച്ചും നിർവഹിക്കാവുന്നതാണ്.

24. ത്വവാഫിനിടയിൽ കൂട്ടംതെറ്റിപ്പോകാൻ സാധ്യതയുള്ളതിനാൽ ത്വവാഫിനുശേഷം സംഘാംഗങ്ങൾക്ക് ഒരുമിച്ചു കൂടാൻ ഒരുസ്ഥലം മുൻകൂട്ടി നിശ്ചയിക്കുന്നത് നന്നായിരിക്കും. മത്വാഫിനു ചുറ്റും മുകളിലായി മസ്ജിദുൽ ഹറാമിന്റെ പ്രധാന കവാടങ്ങളുടെ പേരും അവയുടെ ഇടതും വലതുമായി സ്ഥിതിചെയ്യുന്ന ചെറിയ കവാടങ്ങളുടെ നമ്പറും രേഖപ്പെടുത്തിയ സൈൻ ബോർഡുകളുണ്ട്. ഓരോ സൈൻബോർഡിനും വേറെ വേറെ നിറവും നൽകിയിട്ടുണ്ട്. അതിലേതെങ്കിലുമൊന്ന് അടയാളമായി സ്വീകരിക്കാവുന്നതാണ്.

25. സഫാ-മർവക്കിടയിലെ സഅ്യിനിടെ അനുഭവപ്പെടുന്ന തിരക്ക് ലഘൂകരിക്കാൻ സുഊദി ഗവൺമെന്റ് പുതുതായി ചെയ്ത സജ്ജീകരണങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ ഹാജിമാർ ശ്രദ്ധിക്കേണ്ടതാണ്. താഴത്തെ നിലയിലെപോലെ തന്നെ മുകളിലെ നിലയിൽ വെച്ച് സഅ്യ് നടത്തിയാലും സാധുവാകും.

സഅ്യിനിടയിൽ രണ്ട് പച്ച അടയാളങ്ങൾക്കിടയിൽ ഓടൽ പുരുഷന്മാർക്ക് സുന്നത്താണെങ്കിലും വലിയ തിരക്കുള്ളപ്പോൾ അത് ഒഴിവാക്കുന്നതാണ് നല്ലത്.

26. ത്വവാഫോ സഅ്യോ നിർവഹിക്കുന്നതിനിടയിൽ നമസ്കാരത്തിന് ഇഖാമത്ത് കൊടുക്കുകയാണെങ്കിൽ ത്വവാഫും സഅ്യും നിർത്തി ജമാഅത്ത് നമസ്കാരത്തിൽ പങ്കുചേരാവുന്നതാണ്. നമസ്കാരാനന്തരം, നിർത്തിയ സ്ഥലത്തുനിന്ന് തുടർന്നാൽ മതി. പക്ഷേ, ത്വവാഫിന്റെയും സഅ്യിന്റെയും ആരംഭസ്ഥലത്തുനിന്നല്ല നമസ്കാരത്തിൽ പ്രവേശിച്ചതെങ്കിൽ പ്രബലമായ അഭിപ്രായമനുസരിച്ച്, ഇടക്കുമുറിഞ്ഞു പോയ ഒരു ത്വവാഫും സഅ്യും പരിഗണിക്കപ്പെടുകയില്ല. അതിനുപകരം അവസാനം ഓരോ ത്വവാഫും സഅ്യും കൂടുതൽ ചെയ്താൽ മതി.

27. ചില ആളുകൾ സഅ്യ് കഴിഞ്ഞ ഉടനെ മർവയിൽ വെച്ച് മുടിവെട്ടാറുണ്ട്. അത് തിരക്ക് വർധിക്കാനും സ്ഥലം വൃത്തികേടാകാനും കാരണമാവും. മുടി അവിടെവെച്ചു തന്നെ വെട്ടേണ്ടതില്ല. അതിനു നിശ്ചയിക്കപ്പെട്ട സ്ഥലത്തുപോയി കളയുകയോ വെട്ടുകയോ ചെയ്യാവുന്നതാണ്. സ്ത്രീകൾ താമസസ്ഥലത്തെത്തിയശേഷം അവരുടെ മുടിയുടെ അറ്റത്തുനിന്ന് ഒരു വിരലിന്റെ അത്ര നീളത്തിൽ വെട്ടിയാൽ മതി.

28. ദുൽഹജ്ജ് എട്ടിന് രാവിലെയാണ് ഹാജിമാർ മിനായിലേക്ക് പുറപ്പെടൽ സുന്നത്ത്. എങ്കിലും ട്രാൻസ്പോർട്ട് സൗകര്യവും മറ്റും പരിഗണിച്ച് ചില മുത്വവ്വിഫുമാർ ഹജ്ജ് മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി ഏഴിന് രാത്രി തന്നെ ഹാജിമാരെ മിനായിലേക്ക് കൊണ്ടുപോവാറുണ്ട്. അങ്ങനെ പോവുന്ന ഹാജിമാർ താമസസ്ഥലത്തുനിന്ന് ഇഹ്റാം ചെയ്ത് വാഹനത്തിൽ കയറുവാൻ നിശ്ചിത സ്ഥലത്ത് എത്തിയാൽ മതി.

മുത്വവ്വിഫിന്റെ കീഴിൽ ഹജ്ജ് നിർവഹിക്കുന്നവർ മുത്വവ്വിഫിന്റെ വാഹനത്തിൽ പോകുന്നതാണ് ഉത്തമം. അല്ലെങ്കിൽ ടെന്റ് കണ്ടുപിടിക്കാൻ വിഷമിക്കും.

29. ജനലക്ഷങ്ങൾ ഒരുമിച്ചുകൂടുന്ന മിനായിൽ സൗകര്യങ്ങൾ വളരെ കുറവായിരിക്കുമെന്ന ബോധം ഹാജിമാർക്ക് ഉണ്ടായിരിക്കണം. താമസം, ഭക്ഷണം, വെള്ളം, പ്രാഥമികാവശ്യങ്ങളുടെ നിർവഹണം എന്നീ കാര്യങ്ങൾക്ക് ഏറെ പ്രയാസമനുഭവപ്പെടും. ക്ഷമയും വിട്ടുവീഴ്ചയും പരക്ഷേമ തൽപരതയും പരീക്ഷിക്കപ്പെടുന്ന സ്ഥലമാണ് മിനാ. സ്ത്രീകൾ, രോഗികൾ, അവശർ മുതലായവർക്ക് പ്രത്യേക പരിഗണന

നൽകാൻ ശ്രമിക്കേണ്ടതാണ്. തിരക്കൊഴിഞ്ഞ സമയങ്ങളിൽ ആവശ്യങ്ങൾ നിർവഹിക്കാൻ ശ്രദ്ധിക്കുന്നതിനു പുറമെ ആരോഗ്യമുള്ളവർക്ക് ടെന്റുകൾക്കു പുറത്ത് സജ്ജീകരിച്ച പൊതു ടാപ്പുകളും ടോയ്‌ലറ്റുകളും ഉപയോഗപ്പെടുത്താവുന്നതാണ്.

30. ഹജ്ജ് കർമങ്ങളുടെ നിർവഹണത്തിന് ആരോഗ്യവും കായികശേഷിയും അനിവാര്യമായതിനാൽ ഭക്ഷണകാര്യത്തിൽ ഹാജിമാർക്ക് സവിശേഷ ശ്രദ്ധയുണ്ടാവണം. വെള്ളം കുടിക്കുന്നതും പഴങ്ങൾ കൂടുതൽ കഴിക്കുന്നതും നന്നായിരിക്കും. ഐസ് വാട്ടർ തീരെ ഒഴിവാക്കുകയാണ് നല്ലത്.

ജലദോഷം, പനി, ചുമ തുടങ്ങിയ അസുഖങ്ങൾ വന്നാൽ ഉടൻ ചികിത്സിക്കേണ്ടതാണ്. അസുഖങ്ങളെ അവഗണിക്കുന്നത് ഹജ്ജ് കർമങ്ങളുടെ പൂർത്തീകരണത്തിന് തടസ്സം സൃഷ്ടിച്ചേക്കും.

31. ഹാജിമാർ മിനായിലെ തങ്ങളുടെ ടെന്റ് സ്ഥിതി ചെയ്യുന്ന റോഡിന്റെ നമ്പറും പേരും കിടപ്പുമെല്ലാം മനസ്സിലാക്കിവെക്കൽ ആവശ്യമാണ്. മുത്വവ്വിഫ് നൽകുന്ന തിരിച്ചറിയൽ കാർഡ് പുറത്തിറങ്ങുമ്പോൾ കൈയിൽ വെക്കുകയും വേണം. ഇല്ലെങ്കിൽ വഴിതെറ്റിയാൽ തിരിച്ചെത്താൻ പ്രയാസപ്പെടും.

32. ദുൽഹജ്ജ് ഒമ്പതിന് രാവിലെ ഹാജിമാർ അറഫയിലേക്ക് പുറപ്പെടുമ്പോൾ അത്യാവശ്യ സാധനങ്ങൾ മാത്രം കൈയിലെടുക്കുകയും മറ്റു സാധനങ്ങൾ മിനായിലെ ടെന്റിൽ തന്നെ വെക്കുകയും ചെയ്താൽ മതി.

മിനായിൽനിന്ന് പതിനഞ്ച് കിലോമീറ്റർ ദൂരമുള്ള അറഫയിലേക്ക് മുത്വവ്വിഫിന്റെ വാഹനത്തിൽ തന്നെ പോകുന്നതാണ് ഉചിതം. അല്ലെങ്കിൽ തങ്ങളുടെ ക്യാമ്പിലെത്താൻ സാധ്യമാവുകയില്ല.

33. അറഫയിലെ മസ്ജിദു നമിറയിൽനിന്ന് ദൂരെയുള്ളവർ അവിടെ പോയി നമസ്കരിക്കാൻ സാഹസപ്പെടേണ്ടതില്ല. അങ്ങനെ സാഹസം ചെയ്യുന്നവരിൽ പലർക്കും വഴി തെറ്റുകയും അതുകാരണം പലവിധ വിഷമങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുക സാധാരണമാണ്.

ജബലുർറഹ്മയുടെ അരികെപോയി പ്രാർഥിക്കാൻ സാഹസപ്പെടുന്നതും അതുപോലെത്തന്നെയാണ്. അറഫയിലെ റോഡുകളും അവയിലെ അടയാളങ്ങളും ഏറക്കുറെ ഒരുപോലെയായതിനാൽ വഴിതെറ്റിയാൽ ടെന്റിലേക്ക് തിരിച്ചുവരിക പ്രയാസകരമായിരിക്കും. ഹാജിമാർ അവരവരുടെ ടെന്റുകളിൽ തന്നെ ജമാഅത്തായി നമസ്കരിച്ചാൽ മതി. കഴിയുന്നത്ര സമയം ഹൃദയസാന്നിധ്യത്തോടുകൂടി ദിക്റിലും ദുആയിലും ഖുർആൻ പാരായണത്തിലും കഴിച്ചുകൂട്ടുകയാണ് വേണ്ടത്.

34. സൂര്യാസ്തമയത്തിനു ശേഷമാണ് ഹാജിമാർ അറഫയിൽനിന്ന് മുസ്ദലിഫയിലേക്ക് പുറപ്പെടേണ്ടത്. അറഫയുടെയും മിനായുടെയും ഇടയിലുള്ള സ്ഥലമാണ് മുസ്ദലിഫ. മുസ്ദലിഫയിൽ ടെന്റുകളോ മുത്വവ്വിഫുമാർക്ക് പ്രത്യേക ക്യാമ്പുകളോ ഉണ്ടായിരിക്കുന്നതല്ല. വഴി തെറ്റാൻ കൂടുതൽ സാധ്യതയുള്ളതിനാൽ എവിടെയും തനിച്ചു പോകാതിരിക്കാൻ ശ്രദ്ധിക്കണം.

ഹാജിമാർ മുസ്ദലിഫയിലാണ് അന്ന് രാത്രി കഴിച്ചു കൂട്ടേണ്ടത്. പക്ഷേ, സ്ത്രീകൾ, കുട്ടികൾ, രോഗികൾ മുതലായ ദുർബലർക്കും അവരുടെ കൂടെ പോകുന്നവർക്കും അർധരാത്രിക്കുശേഷം മിനായിലേക്ക് പുറപ്പെടാവുന്നതാണ്. മറ്റുള്ളവർ സുബ്ഹ് നമസ്കാരം കഴിഞ്ഞ് നേരം വെളുത്തശേഷമാണ് മുസ്ദലിഫയിൽനിന്ന് പുറപ്പെടേണ്ടത്. അന്ന് ജംറത്തുൽ അഖബയിൽ എറിയാനുള്ള ഏഴ് കല്ല് മുസ്ദലിഫയിൽനിന്ന് എടുക്കുന്നത് സൗകര്യമായിരിക്കും. മറ്റു ദിവസങ്ങളിൽ എറിയാനുള്ള

കല്ലുകൾ മിനായിൽനിന്നുതന്നെ എടുത്താൽ മതി.

35. ഹജ്ജിലെ ഏറ്റവും തിരക്കു പിടിച്ച ദിവസമാണ് ദുൽഹജ്ജ് പത്ത്. അന്ന് ജംറത്തുൽ അഖബയിൽ കല്ലേറ്, ബലിയറുക്കൽ, മുടിയെടുക്കൽ, ത്വവാഫുൽ ഇഫാദ, സഅ്യ് എന്നീ കർമങ്ങളാണ് അനുഷ്ഠിക്കേണ്ടത്.

ജംറയിലെ കല്ലേറ് പുതുതായി ഏർപ്പെടുത്തിയ വിശാലമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും നിയന്ത്രണങ്ങൾ പാലിച്ചും ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബലിയനുഷ്ഠാനം സ്വന്തമായി നിർവഹിക്കാൻ സാധിക്കാത്തവർക്ക് വർഷങ്ങളായി സുഊദീ ഗവൺമെന്റ് ഏർപ്പെടുത്തിയ കൂപ്പൺ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഹാജിമാർ പണമടച്ച് കൂപ്പൺ വാങ്ങുന്നതോടെ ബലികർമത്തിന് നിശ്ചിത കമ്മിറ്റിയെ വക്കാലത്ത് ഏൽപിക്കുകയാണ് ചെയ്യുന്നത്. അതോടുകൂടി അവരുടെ ബാധ്യത അവസാനിച്ചു.

ഹജ്ജിലെ നിർബന്ധ കർമമായ ത്വവാഫുൽ ഇഫാദയും സഅ്യും അന്നുതന്നെ നിർവഹിക്കുകയാണ് ഉചിതം. അത് രണ്ടും പിന്തിക്കുന്നതിനും വിരോധമില്ല. പിന്തിക്കുന്നവർ മിനായിൽ താമസിക്കുന്ന അടുത്ത ദിവസങ്ങളിൽ അതിരാവിലെ മക്കയിൽ പോയി സുബ്ഹ് നമസ്കാരം കഴിഞ്ഞ ഉടനെ ത്വവാഫും സഅ്യും നിർവഹിച്ച് തിരിച്ചു വരുന്നതായിരിക്കും കൂടുതൽ സൗകര്യം.

36. ഹാജിമാർക്ക് ബലിപെരുന്നാൾ നമസ്കാരം സുന്നത്തില്ല. എന്നാൽ മക്കയിലുള്ള ഹാജിമാർക്ക് മസ്ജിദുൽ ഹറാമിൽ നടക്കുന്ന പെരുന്നാൾ നമസ്കാരത്തിലും ഖുത്ബയിലും പങ്കെടുക്കാവുന്നതാണ്.

37. മിനായിൽ താമസിക്കേണ്ട ദിവസങ്ങളിൽ മക്കയിൽ പോകുന്ന ഹാജിമാർ പകൽ സമയത്തുതന്നെ മിനായിൽ തിരിച്ചെത്തണമെന്ന് നിർബന്ധമില്ല. കല്ലേറ് കഴിഞ്ഞ ശേഷമാണ് പോകുന്നതെങ്കിൽ അർധരാത്രിക്കു മുമ്പായി ഉറങ്ങാൻ മിനായിൽ എത്തിയാൽ മതി.

38. ഹജ്ജിലെ കർമങ്ങൾ നബി(സ) പഠിപ്പിച്ച രീതിയിൽ തന്നെ നിർവഹിക്കാൻ ഹാജിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മിനായിലെ താമസ ദിവസങ്ങളിലെല്ലാം ഓരോ നമസ്കാരവും അതിന്റെ സമയത്തും നാല് റക്അത്തുള്ള ളുഹ്ർ, അസ്ർ, ഇശാഅ് എന്നീ നമസ്കാരങ്ങൾ രണ്ട് റക്അത്തായി ചുരുക്കിയുമാണ് നബി(സ) നിർവഹിച്ചത്. അറഫാ ദിനത്തിൽ ളുഹ്റും അസ്റും രണ്ട് റക്അത്താക്കി ചുരുക്കി ളുഹ്റിന്റെ സമയത്ത് അറഫയിൽ വെച്ചും മഗ്രിബും ഇശാഉം, മഗ്രിബ് മൂന്ന് റക്അത്തും ഇശാഅ് റണ്ട് റക്അത്തുമായി ഒന്നിച്ച് മുസ്ദലിഫയിൽ വെച്ചുമാണ് നബി(സ) നമസ്കരിച്ചത്.

39. 'തമത്തുഅ്' (ഉംറ നിർവഹിച്ച ശേഷം അതേവർഷം ഹജ്ജ് നിർവഹിക്കൽ) രൂപത്തിൽ ഹജ്ജ് നിർവഹിക്കുന്ന ചില ആളുകൾ ഉംറ കഴിഞ്ഞ ഉടനെ ഹജ്ജിനു മുമ്പായി ബലിയറുക്കാറുണ്ട്. അങ്ങനെ ചെയ്യൽ അനുവദനീയമാണെന്ന് ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ടെങ്കിലും നബിയും സ്വഹാബത്തും ചെയ്തതുപോലെ ദുൽഹജ്ജ് പത്തിനോ അതിനു ശേഷമുള്ള മൂന്ന് ദിവസങ്ങളിലോ ആണ് ബലിയറുക്കേണ്ടത്. അതിനു മുമ്പ് ബലിയറുത്താൽ സാധുവാകുകയില്ല എന്ന അഭിപ്രായമാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാർക്കുമുള്ളത്.

40. മക്കയിലെ മസ്ജിദുൽ ഹറാമിലും മദീനയിലെ മസ്ജിദുന്നബവിയിലും പോയി നമസ്കരിക്കുന്നതിൽനിന്ന് ചില ആളുകൾ സ്ത്രീകളെ തടഞ്ഞുവെക്കാറു

ണ്ട്. അത് നബിചര്യക്ക് കടകവിരുദ്ധവും സ്ത്രീകളോട് കാണിക്കുന്ന അന്യായവുമാണ്. നബി(സ)യുടെ കാലം മുതൽ ഇന്നേവരെ മക്കയിലും മദീനയിലും സ്ത്രീകൾ ജുമുഅ-ജമാഅത്തുകളിൽ സംബന്ധിക്കുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്.

41. ഹജ്ജിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കാൻ ഹജ്ജിലെ അനുഷ്ഠാന നിയമങ്ങൾ പഠിക്കുന്നതോടൊപ്പം കർമങ്ങളുടെ ആന്തരാർഥങ്ങൾ കൂടി ഗ്രഹിച്ച് ആത്മചൈതന്യത്തോടെ കർമങ്ങളനുഷ്ഠിക്കാൻ ഹാജിമാർ ശ്രദ്ധിക്കേണ്ടതാണ്.

42. ധാരാളം പുണ്യങ്ങൾ കൈവരിക്കാനുള്ള സുവർണാവസരമാണ് ഹജ്ജ് യാത്ര. ആരാധനാ കർമങ്ങൾക്കു പുറമെ വിവിധ തരം ജനസേവന പ്രവർത്തനങ്ങൾക്കു കൂടി ലഭ്യമാകുന്ന സന്ദർഭങ്ങൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മുസ്‌ലിം ഉമ്മത്തിനെ അല്ലാഹു പ്രത്യേകം ചുമതലപ്പെടുത്തിയ പ്രബോധന-സംസ്കരണ ദൗത്യനിർവഹണത്തിലും തദ്വിഷയകമായ ബോധവൽക്കരണത്തിലും ഹാജിമാരുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ്.

43. ധാരാളം ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പുണ്യഭൂമിയിൽ നിന്ന് പാഠമുൾക്കൊള്ളുവാൻ ഹാജിമാർ യാത്ര പുറപ്പെടുന്നതിനു മുമ്പുതന്നെ ഇബ്‌റാഹീം നബി(അ)യുടെയും കുടുംബത്തിന്റെയും മുഹമ്മദ് നബി(സ)യുടെയും സ്വഹാബിക്കളുടെയും ചരിത്രം പഠിക്കുന്നത് നന്നായിരിക്കും.

44. വർഗ-വർണ-ദേശ-ഭാഷാ വൈജാത്യങ്ങൾക്കും വീക്ഷണവൈവിധ്യങ്ങൾക്കുമതീതമായ ഇസ്‌ലാമികൈക്യത്തിന്റെ നേർകാഴ്ചകളാണ് ഹജ്ജ് യാത്രക്കാർക്ക് പരിശുദ്ധ ഭൂമിയിൽ ദർശിക്കാൻ സാധിക്കുക. നാട്ടിൽ തിരിച്ചെത്തി വിശാലമായ ഇസ്‌ലാമികൈക്യത്തിന്റെ വക്താക്കളും വാഹകരുമാവാൻ അവർക്ക് സാധിക്കേണ്ടതുണ്ട്.

45. സത്യവിശ്വാസികളുടെ ജീവിതത്തിലെ വഴിത്തിരിവായിരിക്കണം ഹജ്ജ് യാത്ര. ഹജ്ജ് കർമാനുഷ്ഠാനത്തിലൂടെ ആഢ്യത്വവും പൊങ്ങച്ച പ്രകടനങ്ങളുമല്ല, ഭയഭക്തിയും വിനയവുമാണ് സംജാതമാവേണ്ടത്. ഹജ്ജ് നിർവഹണ ശേഷമുള്ള ജീവിതം പൂർവകാല ജീവിതത്തെക്കാൾ ധർമനിഷ്ഠവും മാതൃകാ പരവുമായിരിക്കണം. ഇല്ലെങ്കിൽ ഹജ്ജ് യാത്ര ഒരു നഷ്ടക്കച്ചവടമായിരിക്കും.

എല്ലാ ഹജ്ജ് യാത്രക്കാരെയും മഖ്ബൂലും മബ്റൂറുമായ ഹജ്ജ് നിർവഹിച്ച് തിരിച്ചുവരുവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ! ■

**ഫോൺ: 9895802352**